(ബി-സി) ശർക്കരയിൽ നിന്നും പഞ്ചസാരയുണ്ടാക്കുന്നതിനു് ഒരു ഫാക്ടറി ഉണ്ടാക്കുന്നതിനു് കൊല്ലങ്കോടു പ്രദേശത്തു് 3 ലക്ഷം രൂപ ചെലവുവരുന്ന ഒരു പദ്ധതി തയാറാക്കുകയും അതിൽ രണ്ടു ലക്ഷം രൂപ ഖാദി ആൻഡ് വില്ലേജു് ഇൻഡസ്ട്രീസ് ബോർഡും, ഒരു ലക്ഷം രൂപ ഗവണ്മെൻറും മുടക്കാം എന്നു തീരുമാനിക്കുകയും ചെയ്തിട്ടുണ്ടു്. ആ അഭിപ്രായം ഖാദി ബോർഡിലേയ്ക്കു് എഴുതിയിരിക്കുകയാണു്. അവരുടെ മറുപടി കിട്ടിയിട്ടു പ്രവർത്തനം ആരംഭിക്കുന്നതാണു്.

ശ്രീ. ആർ. കൃഷ്ണൻ : അവിടെ എത്ര ആളുകൾക്കു് ജോലി കിട്ടാൻ സാധ്യതയുണ്ടു് ?

ശ്രീ. കെ. പി. ഗോപാലൻ : എത്ര തൊഴിലാളികൾക്കു് ജോലികിട്ടാൻ സാധ്യതയുണ്ടെന്നു് ഇപ്പോൾ കൃത്യമായി പറയാൻ സാധ്യമല്ല. വേറെ ചോദ്യം ചോദിച്ചാൽ പറയാം.

പാലക്കാട്ടു ജില്ലാ കളക്ടറുടെ പദയാത്ര.

* 1481. [45] ശ്രീ. കെ. കൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്ടു ജില്ലാ കളക്ടർ മി. മാധവമേനോൻ ഐ. എ. എസ്. അട്ടപ്പാടിയിൽ ഒരു പദയാത്ര നടത്തിയതു് ഈ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പദയാത്രയുടെ ഉദ്ദേശമെന്തായിരുന്നു ;

(സി) ഈ പദയാത്രയെ തുടർന്നു ജില്ലാ കളക്ടർ എന്തെങ്കിലും റിപ്പോർട്ടു് ഈ ഗവണ്മെൻറിനു് സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെൻറു് എടുക്കുവാൻ ഉദ്ദേശിക്കുന്ന നടപടിയെന്തു് ; അതിലെ ശുപാർശകളും ഗവണ്മെൻറിൽനിന്നും സ്വീകരിച്ചിട്ടുണ്ടോ ; സ്വീകരിച്ചവ ഏതു് ; തള്ളിക്കളഞ്ഞവ ഏതു് ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഒരു പത്രലേഖനം ഉണ്ടു്.

(ബി) അറിഞ്ഞുകൂടാ.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഈ പദയാത്ര ജീപ്പിലാണോ നടത്തിയതു് ?

(ഉത്തരമില്ല)

ബസ്സു് റൂട്ടു് ദേശവൽക്കരണം.

* 1482 [46] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1959-60 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തിൽ ഏതെല്ലാം ബസ്സു് റൂട്ടുകൾ ദേശവൽക്കരിച്ചു ; ഗവണ്മെൻറു് വക ട്രാൻസ്പോർട്ടു് ബസ്സുകൾ ഏതെല്ലാം ബസ്സു് റൂട്ടുകളിൽ ഓടുവാൻ തീരുമാനിച്ചിട്ടുണ്ടു് ;

(ബി) തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ-പുല്ലൂട്ടു് ലയിൻ, എറണാകുളം-തൃശ്ശൂർ ലയിൻ ഇവ ദേശവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly